**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3798**

**21-06-2019 - ലെ മറുപടിക്ക്**

# മിനിമാസ്റ്റ് ലൈറ്റുകൾ

| ചോദ്യം<br><br>**ശ്രീ.എം.ഉമ്മർ** | മറുപടി<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്നതിനായുള്ള ധനകാര്യ അനുമതി നൽകിയിട്ടുണ്ടോ;വിശദമാക്കാമോ; | മഞ്ചേരി നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല.എന്നാൽ ബഹു.എം.എൽ.എ യുടെ ശിപാർശയിൻ പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.ഭരണ വകുപ്പ് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| ബി) എന്നാൽ ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ മിനിമാസ്റ്റ് എന്നതിന് പകരം ഹൈമാസ്റ്റ് എന്ന് രേഖപ്പെടുത്തിയത് തിരുത്തലിനായി വീണ്ടും ധനകാര്യ വകുപ്പിന് ലഭിച്ചിരുന്നോ;വിശദമാക്കാമോ; | ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ മിനിമാസ്റ്റ് എന്നതിന് പകരം ഹൈമാസ്റ്റ് എന്ന് രേഖപ്പെടുത്തിയത് തിരുത്തലിനായി വീണ്ടും ധനകാര്യ വകുപ്പിന് ലഭിച്ചിരുന്നു.നടപടി ക്രമങ്ങൾ പൂർത്തിയാക്കി 17.05.2019 ന് ഫയൽ ഭരണ വകുപ്പിന് മടക്കി നൽകി. |
| സി) ഭരണാനുമതി ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലും തിരുത്തലുമായി ബന്ധപ്പെട്ട നൽകിയ പ്രൊപ്പോസലിലും സ്പെസിഫിക്കേഷനിലോ എസ്റ്റിമേറ്റ് തുകയിലോ വ്യത്യാസം വന്നതായി ധനകാര്യ വകുപ്പ് കണ്ടെത്തിയിരുന്നോ;വിശദമാക്കാമോ; | ഇല്ല |
| ഡി) ഉത്തരവിലെ തിരുത്തലിനായി അയച്ച ഭരണ വകുപ്പിന്റെ ഫയൽ നിരസിക്കാൻ ഉണ്ടായ കാരണം വിശദമാക്കാമോ; | ബഹു.എം.എൽ.എ ഹൈമാസ്റ്റ് ലൈറ്റ് നിർമ്മാണത്തിനായാണ് ശിപാർശ ചെയ്തിരുന്നത്.ആയതിനാലാണ് തിരുത്തലിനായി അയച്ച ഭരണ വകുപ്പ് ഫയൽ നിരസിച്ചത്. |
| ഇ) ആദ്യം നൽകിയ ഒറിജിനൽ പ്രൊപ്പോസലിലും എസ്റ്റിമേറ്റിലും വ്യത്യാസമില്ലാതെ വന്ന സാഹചര്യത്തിലും പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിലും ഹൈമാസ്റ്റ് എന്നത് തിരുത്തി മിനിമാസ്റ്റ് എന്ന് മാറ്റുവാൻ ധനകാര്യ വകുപ്പ് തടസമായി ചൂണ്ടിക്കാട്ടിയ ചട്ടങ്ങളും കാരണങ്ങളും വിശദമാക്കാമോ; എങ്കിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയുടെ കരാറുകാരന് ബില്ല് മാറി നൽകുവാൻ ഇനി സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ? | ബഹു.എം.എൽ.എ ശിപാർശ ചെയ്ത പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണ് നിർദ്ദേശിച്ചത്.മഞ്ചേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 24.10.17 ലെ സ.ഉ(സാധാ)3369/2017/തസ്വഭവ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത്, എസ്റ്റിമേറ്റ് തുക പ്രകാരവും സ്പെസിഫിക്കേഷൻ പ്രകാരവും നിർമ്മിച്ച മിനിമാസ്റ്റ് ലൈറ്റിന്റെ തുക നല്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിനും ടി തുക അനുവദിയ്ക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിനും ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**